**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4837** **20-07-2022 - ൽ മറുപടിയ്ക്ക്**

**റെസ്റ്റ് ഹൗസുകളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകൾ പ്രൊഫഷണൽ നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകൾ പ്രൊഫഷണൽ നിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റസ്റ്റ് ഹൗസുകളിലും പൊതുജനങ്ങൾക്ക് മുറികൾ ലഭ്യമാകുന്ന രീതിയിൽ ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ ബുക്കിംഗിലെ സംശയങ്ങളും പരാതികളും വിളിച്ചറിയിക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗത്തിന്റെ കീഴിലായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് കൺട്രോൾ റൂം (CCR) ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം സാധ്യതാമേഖലകളിലെ 17 റസ്റ്റ് ഹൗസുകൾ കണ്ടെത്തി അവയെ മികച്ച നിലവാരത്തിലേക്ക്നവീകരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് പരിശോധിച്ചു വരുന്നു. റസ്റ്റ് ഹൗസുകൾ പ്രൊഫഷണൽ നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്കായി നിലവിലുള്ള റസ്റ്റ് ഹൗസ് മാനേജർമാർക്കും കെയർ ടേക്കർമാർക്കും 'Kerala Institute of Tourism and Travel studies (KITTS) ഹൗസ് കീപ്പിംഗ് മേഖലയിൽ വിപുലമായ പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | റെസ്റ്റ് ഹൗസുകൾ ബുക്ക് ചെയ്യുന്നതിന് ഏർപ്പെടുത്തിയ ഓൺലൈൻ സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; ഈ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസുകൾ പ്രൊഫഷണൽ നിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റസ്റ്റ് ഹൗസുകളിലും പൊതുജനങ്ങൾക്ക് മുറികൾ ലഭ്യമാകുന്ന രീതിയിൽ ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ ബുക്കിംഗിലെ സംശയങ്ങളും പരാതികളും വിളിച്ചറിയിക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയർ, |

| | | | |
|---|---|---|---|
| | | | കെട്ടിട വിഭാഗത്തിന്റെ കീഴിലായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് കൺട്രോൾ റൂം (CCR) ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം സാധ്യതാമേഖലകളിലെ 17 റസ്റ്റ് ഹൗസുകൾ കണ്ടെത്തി അവയെ മികച്ച നിലവാരത്തിലേക്ക്നവീകരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് പരിശോധിച്ചു വരുന്നു. റസ്റ്റ് ഹൗസുകൾ പ്രൊഫഷണൽ നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്കായി നിലവിലുള്ള റസ്റ്റ് ഹൗസ് മാനേജർമാർക്കും കെയർ ടേക്കർമാർക്കും 'Kerala Institute of Tourism and Travel studies (KITTS) ഹൗസ് കീപ്പിംഗ് മേഖലയിൽ വിപുലമായ പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | റെസ്റ്റ് ഹൗസുകളുടെ പരിപാലനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | റസ്റ്റ് ഹൗസുകളുടെ പരിപാലനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഹൗസ് കീപ്പിംഗ് മേഖലയിൽ 'Food & Craft Institute'-ൽ നിന്ന് യോഗ്യത നേടിയ യുവജനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ഇതുകൂടാതെ daily maintenance കുടുംബശ്രീ വഴി നടപ്പിലാക്കുന്നതും പരിഗണനയിലാണ്. റസ്റ്റ് ഹൗസിന്റെ പരിസരങ്ങൾ ഹരിതാഭമാക്കി നിലനിർത്തുവാനായി വിവിധ കോളേജുകളിലെ N.S.S യൂണിറ്റുകളുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ